

**ഹൈദറലി ശാന്തപുരം**

**വായനാമുറി**

# മുഹമ്മദ് നബി
## നിഷ്പക്ഷമതികളുടെ സാക്ഷ്യമൊഴികൾ

**മുഹമ്മദ്** നബിയെക്കുറിച്ച് മുസ്‌ലിംകളും അല്ലാത്തവരും രചിച്ച കൃതികൾ മലയാളത്തിലുണ്ട്. അവയിൽനിന്നെല്ലാം വ്യതിരിക്തത പുലർത്തുന്നതാണ് പി.എ റഫീഖ് സകരിയ്യ എഡിറ്റ് ചെയ്ത് ഡയലോഗ് സെന്റർ കേരള പ്രസിദ്ധീകരിച്ച 'മുഹമ്മദ് നബി' (ലേഖന സമാഹാരം). അവതാരികയിൽ ശൈഖ് മുഹമ്മദ് കാരകുന്ന് എഴുതുന്നു: "മുഹമ്മദ് നബിയെ സംബന്ധിച്ച് മുസ്‌ലിംകളല്ലാത്ത എഴുത്തുകാരുടെ പ്രൗഢമായ രചനകളാണ് ഈ പുസ്തകത്തിൽ സമാഹരിച്ചിട്ടുള്ളത്. പ്രവാചകന്റെ വ്യക്തിത്വം അദ്ദേഹത്തിന്റെ അനുയായികളല്ലാത്തവരെപ്പോലും എത്രമാത്രം സ്വാധീനിച്ചുവെന്നും അവരിൽ എത്രമാത്രം മതിപ്പുളവാക്കിയെന്നും ഇതിലെ ഓരോ രചനയും വ്യക്തമാക്കുന്നു. അതേപോലെ വളരെ പ്രഗത്ഭരും പ്രമുഖരുമായ മഹദ് വ്യക്തികൾ പ്രവാചകനെപ്പറ്റി പഠിക്കാനും മനസ്സിലാക്കാനും സമയം കണ്ടെത്തുകയും തങ്ങൾക്ക് ബോധ്യമായ കാര്യങ്ങൾ കലവറ കൂടാതെ തുറന്നു പറയാൻ സന്നദ്ധമാവുകയും ചെയ്തുവെന്നതും ഏറെ ശ്രദ്ധേയമത്രെ."

പ്രമുഖ ബ്രിട്ടീഷ് ഓറിയന്റലിസ്റ്റ് സർ തോമസ് ഡബ്ല്യു ആർനോൾഡ്, പ്രശസ്ത എഴുത്തുകാരി കാറൻ ആംസ്ട്രോംഗ്, അമേരിക്കൻ പ്രഫ. ജോൺ ലൂയിസ് എസ്പോസിറ്റോ, ബ്രിട്ടീഷ് എഴുത്തുകാരി റവ. റെജിനാൾഡ് ബോസ്‌വർത്ത് സ്മിത്ത്, അമേരിക്കൻ ആസ്ട്രോ ഫിസിക്സ്റ്റ് മൈക്കിൾ എച്ച് ഹാർട്ട്, ഫ്രഞ്ച് ചരിത്രകാരൻ അൽഫോൺസ് മിഷ്നർ, ബ്രിട്ടീഷ് ചിന്തകൻ തോമസ് കാർലൈൻ മുതലായ പാശ്ചാത്യ പ്രമുഖരും ഡോ. ആനിബസന്റ്, കൃഷ്ണ ചൈതന്യ, പ്രഫ. കെ.എസ് രാമകൃഷ്ണറാവു, ഡോ. സുകുമാർ അഴീക്കോട്, പി. ഗോവിന്ദപ്പിള്ള, കെ.പി കേശവമേനോൻ, ഡോ. എം.ജി.എസ് നാരായണൻ, ഡോ. കെ.കെ രാഹുലൻ, സകരിയ്യ, ഒ.വി വിജയൻ തുടങ്ങിയ ഇന്ത്യൻ എഴുത്തുകാരും ഉൾപ്പെടെ ഇരുപത്തിയെട്ട് പേരുടെ ലേഖനങ്ങൾ സമാഹാരത്തിലുണ്ട്. മഹാകവി വള്ളത്തോളിന്റെ 'പാംസുസ്നാനം' എന്ന പ്രസിദ്ധ കവിതയോടു കൂടിയാണ് സമാഹാരം അവസാനിക്കുന്നത്. മൂന്ന് അനുബന്ധങ്ങളും ചേർത്തിരിക്കുന്നു. 'മുഹമ്മദ് നബി അവരുടെ ദൃഷ്ടിയിൽ' എന്ന ശീർഷകത്തിൽ ശ്രീനാരായണ ഗുരു, മഹാത്മാ ഗാന്ധി, സ്വാമി വിവേകാനന്ദൻ, ജവഹർലാൽ നെഹ്റു, എം. ഗോവിന്ദൻ, നിത്യചൈതന്യ യതി എന്നിവരുടെ ഉദ്ധരണികളാണ് ഒന്നാം അനുബന്ധത്തിൽ. അനുബന്ധം രണ്ടിൽ സയ്യിദ് സുലൈമാൻ നദ്‌വിയുടെ 'എല്ലാം തികഞ്ഞ മനുഷ്യൻ' എന്ന പ്രബന്ധമാണ്. 'മുഹമ്മദ് നബി: മാറുന്ന കാഴ്ചപ്പാടുകൾ' എന്ന മൂന്നാം അനുബന്ധം എഡിറ്റർ പി.എ റഫീഖ് സകരിയ്യയുടെ തന്നെ ലേഖനമാണ്.

മുഹമ്മദ് നബിയുടെ മഹദ് വ്യക്തിത്വത്തെ ഇകഴ്ത്തികാണിക്കാൻ കൊണ്ടുപിടിച്ച ശ്രമങ്ങൾ നടക്കുന്ന സമകാലിക സാഹചര്യത്തിൽ പുസ്തകത്തിന്റെ പ്രസക്തി ഏറെയാണ്.

പ്രശസ്ത ഗവേഷകയും റോമൻ കാത്തലിക് സന്യാസിനിയുമായിരുന്ന കാറൻ ആംസ്ട്രോംഗ് 'മുഹമ്മദ് എ വേസ്റ്റേൺ അറ്റംപ്റ്റ് ടു അണ്ടർസ്റ്റാന്റ് ഇസ്‌ലാം' എന്ന കൃതിയിൽ എഴുതുന്നു: "പടിഞ്ഞാറ് ഉദയം ചെയ്ത നൂതനമായ എല്ലാ സോഷ്യലിസ്റ്റ് ആശയങ്ങളോടും ഒരുപക്ഷേ മുഹമ്മദിന് യോജിക്കാനാവുമായിരുന്നില്ല. എന്നാൽ സൂക്ഷ്മാർഥത്തിൽ അദ്ദേഹം ഒരു സോഷ്യലിസ്റ്റ് തന്നെയായിരുന്നു. ഇസ്‌ലാമിക മൂല്യങ്ങളിൽ സമത്വത്തിനുള്ള സ്ഥാനം വളരെ വലുതാണ്. ക്രിസ്തുവിനെപ്പോലെ സ്വത്തും പണവും തള്ളിപ്പറയാൻ മുഹമ്മദ് തയാറായില്ല. സ്വന്തം സമ്പാദ്യങ്ങളെല്ലാം വലിച്ചെറിയാൻ അദ്ദേഹം ആവശ്യപ്പെട്ടില്ല. പകരം അവരുടെ സമ്പാദ്യങ്ങളിൽ ഉദാരമനസ്കരായിരിക്കാനും പാവങ്ങൾക്ക് സമ്പത്തിന്റെ ഒരു ഭാഗം ദാനം ചെയ്യാനും അദ്ദേഹം ആവശ്യപ്പെട്ടു" (പേജ് 35).

ഇസ്‌ലാമിന്റെ സമഗ്രതയെ ഉയർത്തിപ്പിടിക്കുന്നവർ 'മതരാഷ്ട്രവാദി'കളായി മുദ്രകുത്തപ്പെടുകയും അപഹസിക്കപ്പെടുകയും ചെയ്യുന്ന കാലത്താണ് നമ്മുടെ ജീവിതം. മുഹമ്മദ് നബി രാഷ്ട്രമുക്തമായ കേവല മതനേതാവായിരുന്നോ? പ്രഫ. ജോൺ എസ്പോസിറ്റോ 'ഇസ്‌ലാം ദ സ്ട്രെയ്റ്റ് പാത്തി'ൽ എഴുതുന്നു: "ഏറ്റവും മാതൃകാ യോഗ്യനായ മത-രാഷ്ട്രീയ നേതാവും മാതൃകാ യോഗ്യനായ ഭർത്താവും പിതാവുമാണദ്ദേഹം. അതിനാലാണ് മുസ്‌ലിംകൾ നമസ്കരിക്കുമ്പോഴോ പ്രാർഥിക്കുമ്പോഴോ മക്കയിലേക്കുള്ള തീർഥയാത്ര നടത്തുമ്പോഴോ പ്രവാചകൻ ചെയ്തതുപോലെ -അതിൽ

യാതൊന്നും പുതുതായി ചേർക്കുകയോ അതിൽനിന്ന് യാതൊന്നും കുറക്കുകയോ ചെയ്യാതെ-കൃത്യമായും മുഹമ്മദ് ചെയ്തുവെന്ന് അവർ മനസ്സിലാക്കിയ പോലെത്തന്നെ ചെയ്യാൻ ശ്രമിക്കുന്നത്. പ്രവാചകചര്യ, വ്യക്തിജീവിതത്തിലെ വൃത്തി, വസ്ത്രധാരണം, ഭക്ഷണം കഴിക്കൽ, വിവാഹം, ഭാര്യമാരോടുള്ള പെരുമാറ്റം, നയതന്ത്രം, യുദ്ധം തുടങ്ങിയ എല്ലാ കാര്യങ്ങളിലും മാർഗദർശനം നൽകുന്നു" (പേജ് 44).

റവ. റെജിനാൾഡ് ബോസ്‌വർത്ത് സ്മിത്ത് 'മുഹമ്മദ് ആന്റ് മുഹമ്മദനിസം' എന്ന പുസ്തകത്തിൽ പറയുന്നതിങ്ങനെ: "രാഷ്ട്രത്തിന്റെയും വിശ്വാസിസമൂഹത്തിന്റെയും തലവനായിരുന്ന മുഹമ്മദ് ഒരേ സമയം സീസറും പോപ്പുമായിരുന്നു. എന്നാൽ പോപ്പിന്റെ നാട്യങ്ങളില്ലാത്ത പോപ്പും സീസറിന്റെ സൈന്യങ്ങളില്ലാത്ത സീസറുമായിരുന്നു അദ്ദേഹം. നിലവിലുള്ള ഒരു സൈന്യമോ അംഗരക്ഷകനോ കൊട്ടാരമോ നിശ്ചിത വരുമാനമോ ഇല്ലാതെ ദൈവാധികാരം കൊണ്ട് ഭരണം നടത്തിയെന്ന് ഏതെങ്കിലും മനുഷ്യന് പറയാനുള്ള അവകാശമുണ്ടെങ്കിൽ അത് മുഹമ്മദിന് മാത്രമാണ്. അധികാരത്തിന്റെ ഉപകരണങ്ങളോ അതിന്റെ പിന്തുണയോ ഇല്ലാതെ എല്ലാ അധികാരങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. പദവികൾക്കും ആഡംബരങ്ങൾക്കും ആചാരങ്ങൾക്കും രാജസദസ്സിലെ ഉപചാരക്രമങ്ങളുടെ ലളിത ഗാംഭീര്യത്തിനും മേൽ അദ്ദേഹം ഉയർന്നുനിന്നു" (പേജ് 71).

ഇസ്‌ലാമിൽ സ്ത്രീകളുടെ അവകാശങ്ങൾ, ബഹുഭാര്യാത്വം എന്നിവ ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. ഇസ്‌ലാം സ്ത്രീകൾക്ക് നൽകുന്ന ഉന്നത സ്ഥാനവും പരിരക്ഷയും പഠിക്കാൻ ശ്രമിക്കാതെ ഇസ്‌ലാമിനു നേരെ ഉണ്ട ഉതിർക്കാനാണ് പലരും ശ്രമിക്കുന്നത്. എന്നാൽ വസ്തുതകൾ തുറന്നു പറയാൻ ധൈര്യം കാണിച്ച നിഷ്പക്ഷരായ വ്യക്തികളും ഉണ്ട്. ഡോ. ആനിബസന്റിനെയും ജയിംസ് മിഷ്നറെയും പോലുള്ളവർ.

ഡോ. ആനിബസന്റ് എഴുതുന്നു: "രണ്ടാമത്തെ യാഥാർഥ്യം 'പരിഷ്കൃത' രാജ്യങ്ങളിൽ ഇപ്പോൾ നിലനിൽക്കുന്ന സ്ത്രീ-പുരുഷ ബന്ധത്തെ സംബന്ധിച്ചുള്ളതാണ്. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലുള്ള വിശ്വസ്തതയും ധർമബോധവുമുള്ള ലൈംഗികബന്ധമാണ് ശ്രേഷ്ഠമെന്നാണ് പല രാജ്യങ്ങളിലും പഠിപ്പിക്കുന്നത്. എന്നാൽ ഒരു രാജ്യത്തും ഇത് പ്രയോഗത്തിലില്ല. ഇസ്‌ലാം ബഹുഭാര്യാത്വം അനുവദിക്കുന്നു. ക്രിസ്തുമതം ഇത് വിലക്കുന്നു. നിയമപരമായി ഒന്നിലേറെ ഭാര്യയുണ്ടെങ്കിലേ ഈ എതിർപ്പുകള്ളൂ. പടിഞ്ഞാറ് ഏക പത്നി നാട്യം മാത്രമാണുള്ളത്. ഉത്തരവാദിത്വമില്ലാത്ത ബഹുഭാര്യാത്വമാണ് അവിടെ യഥാർഥത്തിലുള്ളത്. പുരുഷന് മടുപ്പ് തോന്നുമ്പോൾ ഉപേക്ഷിക്കപ്പെടുന്ന വെപ്പാട്ടി, തെരുവ് സ്ത്രീകളിലൊരാളായി അധഃപതിക്കുന്നു. അവളുടെ ഭാവിയിൽ ആദ്യ കാമുകന് ഉത്തരവാദിത്വങ്ങളൊന്നുമില്ല. ബഹുഭാര്യാത്വമുള്ള വീട്ടിലെ സുരക്ഷിതമായ ഒരു സഹപത്നിയെക്കാളും മാതാവിനെക്കാളും നൂറു മടങ്ങ് നികൃഷ്ടയായിത്തീരുന്നു അവൾ. പടിഞ്ഞാറൻ നഗരങ്ങളിലെ തെരുവുകളിൽ രാത്രി തിങ്ങിനിറയുന്ന ദുരിതമനുഭവിക്കുന്ന ആയിരക്കണക്കിന് സ്ത്രീകളെ കാണുമ്പോൾ ബഹുഭാര്യാത്വത്തിന്റെ പേരിൽ ഇസ്‌ലാമിനെ ആക്ഷേപിക്കാൻ പാശ്ചാത്യർ ലജ്ജിക്കുന്നു.

ഇസ്‌ലാമിലെ ബഹുഭാര്യാത്വത്തിൽ ജീവിക്കുന്നതാണ് ഒരു സ്ത്രീക്ക് ഗുണകരവും സന്തോഷകരവും കൂടുതൽ ആദരണീയവും. ഒരു പുരുഷനുമായി മാത്രം ചേർന്ന് നിയമപരമായ കുഞ്ഞിനെയും കൈയിലേന്തി ആദരവോടെ കാണുന്നവരുടെ കൂട്ടത്തിൽ ജീവിക്കുന്നതാണ്, വഴിപിഴച്ച് തെരുവിൽ പുറന്തള്ളപ്പെട്ട് നിയമവിരുദ്ധമായി ലഭിച്ച കുട്ടിയെയും കൊണ്ട് വീടോ പരിചരിക്കാൻ ആരെങ്കിലുമോ ഇല്ലാതെ രാത്രിതോറും മറ്റുള്ളവരുടെ ഇരയായി മാതൃത്വം നിഷേധിക്കപ്പെട്ട് എല്ലാവരാലും വെറുക്കപ്പെട്ട് ജീവിക്കുന്നതിനേക്കാൾ ഉത്തമം" (പേജ് 59).

നൂറ്റാണ്ടുകളായി കേൾക്കുന്ന പല്ലവിയാണ്, ഇസ്‌ലാം ഖഡ്ഗംകൊണ്ടാണ് പ്രചരിച്ചതെന്ന ആരോപണം. ഇതും പുസ്കതത്തിൽ പരാമർശിക്കപ്പെടുന്നു. ശാസ്ത്ര സാഹിത്യകാരനും ഭിഷഗ്വരനുമായ ഡോ. കെ.കെ രാഹുലൻ എഴുതി: "ആരുടെ വിശ്വാസവും കവർന്നെടുക്കാൻ ഇസ്‌ലാം ആഗ്രഹിക്കുന്നില്ല. പ്രസിദ്ധ ചരിത്രകാരനായ ഗിബ്ബൻ പ്രസ്താവിക്കുന്നതിങ്ങനെയാണ്: "മറ്റെല്ലാ മതങ്ങളെയും ഖഡ്ഗംകൊണ്ട് നിഷ്കാസനം ചെയ്യാൻ തങ്ങൾ ബാധ്യസ്ഥരാണെന്ന ഹീനമായ ഒരു ആരോപണം മുസ്‌ലിംകൾക്കെതിരെ ഉപയോഗിക്കുന്നുണ്ട്. ഇത് അജ്ഞതയിൽനിന്നും മതപക്ഷപാതത്തിൽനിന്നും ഉടലെടുത്തതാണ്. ഖുർആനും മുസ്‌ലിം ജേതാക്കളുടെ ചരിത്രവും ക്രിസ്ത്യൻ ദേവാലയങ്ങളോട് അവർ കാണിച്ച കലവറയില്ലാത്തതും നിയമത്തിന്റെ സംരക്ഷണത്തോടുകൂടിയതുമായ സഹിഷ്ണുതയും ഈ ആരോപണം ശക്തിയായി നിഷേധിക്കുന്നു. ധാർമികശക്തിയാണ് മുഹമ്മദിന്റെ ജീവിതവിജയത്തിനടിസ്ഥാനം. ഖഡ്ഗ പ്രയോഗമല്ല." സ്വാമി വിവേകാനന്ദൻ പറഞ്ഞു: "നശിപ്പിക്കാതിരിക്കുക, വലിച്ചു താഴ്ത്താതിരിക്കുക, നേരെ മറിച്ചു നിർമിക്കുക, കഴിവുണ്ടെങ്കിൽ സഹായിക്കുക, കഴിവില്ലെങ്കിൽ മാറിനിന്ന് നോക്കിക്കാണുക, ഒരാളുടെയും ഉള്ളിൽ തട്ടിയ വിശ്വാസത്തിനെതിരായി ഒരു വാക്കും പറയാതിരിക്കുക. ഇതുതന്നെയാണ് മുഹമ്മദ് നബിയും ഉറക്കെ പറയുന്നത്. ഈ സമാധാന ചിന്തയാണ് ഇസ്‌ലാമിനെ മുന്നോട്ടു നയിച്ചുകൊണ്ടിരിക്കുന്നത്, ലാ ഇക്റാഹ ഫിദ്ദീൻ" (പേജ് 153).

അനുബന്ധം ഒന്നിൽ 'മുഹമ്മദ് നബി അവരുടെ ദൃഷ്ടിയിൽ' എന്ന തലക്കെട്ടിനു താഴെ കൊടുത്ത ഗാന്ധിജിയുടെ ഉദ്ധരണി: "അക്കാലത്ത് ജീവിതത്തിന്റെ സരണിയിൽ ഇസ്‌ലാമിന് സ്ഥാനം നേടിക്കൊടുത്തത് വാളായിരുന്നില്ലെന്ന് മുമ്പന്നെത്തെക്കാളേറെ എനിക്ക് ബോധ്യമായിരിക്കുന്നു. പ്രവാചകന്റെ കർക്കശമായ ലാളിത്യവും ഉദാത്തമായ ആത്മബലവും പ്രതിജ്ഞകളോടുള്ള ദൃഢമായ പ്രതിബദ്ധതയും സ്നേഹിതന്മാരോടും അനുയായികളോടുമുള്ള അതിരറ്റ അർപ്പണവും നിർഭയത്വവും ദൈവത്തിലും തന്റെ ദൗത്യത്തിലുമുള്ള പരമമായ വിശ്വാസവുമായിരുന്നു. അല്ലാതെ വാളായിരുന്നില്ല, എല്ലാറ്റിനെയും അവരുടെ മുമ്പിലെത്തിച്ചതും എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിക്കാൻ അവരെ സഹായിച്ചതും" (പേജ് 169).

പ്രവാചകനെതിരെ ധാരാളം കള്ളക്കഥകൾ മെനഞ്ഞുണ്ടാക്കപ്പെട്ടിട്ടുണ്ട്. അവയുടെ പൊള്ളത്തരം തുറന്നു കാണിക്കുന്ന ലേഖനങ്ങളും പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ബ്രിട്ടീഷ് ചിന്തകനും ചരിത്രകാരനുമായിരുന്ന തോമസ് കാർലൈൽ: "മുഹമ്മദിനെക്കുറിച്ച് ഇന്ന് നമ്മുടെ സങ്കൽപം സൂത്രശാലിയായ കപടൻ, അസത്യത്തിന്റെ മൂർത്തി എന്നൊക്കെയാണ്. അദ്ദേഹത്തിന്റെ മതത്തെക്കുറിച്ച് വ്യാജങ്ങളുടെയും ബുദ്ധിമാന്ദ്യത്തിന്റെയും ആകെത്തുകയെന്നും നാം കരുതുന്നു. ഈ ധാരണക്ക് പക്ഷേ നിലനിൽപില്ലാതായി തുടങ്ങിയിരിക്കുന്നു. ഈ മനുഷ്യനു ചുറ്റും സദുദ്ദേശ്യപരമായ അത്യാവേശം മൂലം നാം കെട്ടിപ്പൊക്കിയ

നുണകൾ നമുക്ക് തന്നെയാണ് അപമാനം വരുത്തുന്നത്" (പേജ് 25).

മുഹമ്മദ് നബിയോട് കൂടിയാണ് ഇസ്‌ലാം ആവിർഭവിച്ചതെന്നും അദ്ദേഹമാണ് ഇസ്‌ലാമിന്റെ സ്ഥാപകനെന്നും ചില അമുസ്‌ലിം സഹോദരങ്ങൾ ധരിച്ചുവശായിട്ടുണ്ട്. ഈ കൃതിയിൽ തന്നെ അത്തരം ചില പരാമർശങ്ങൾ കാണാം. എന്നാൽ ആ ധാരണ തിരുത്തുന്ന പ്രസ്താവനകളും ഇതിലുണ്ട്.

ജോൺ എസ്പോസിറ്റോ എഴുതുന്നു: "മുഹമ്മദായിരുന്നില്ല ഇസ്‌ലാമിന്റെ സ്ഥാപകൻ. അദ്ദേഹം ഒരു പുതിയ മതം തുടങ്ങുകയുണ്ടായിട്ടില്ല. തന്റെ മുൻഗാമികളായ പ്രവാചകന്മാരെപ്പോലെ തന്നെ ഒരു മതപരിഷ്കർത്താവായാണ് അദ്ദേഹം വന്നത്. പുതിയ ദൈവത്തിൽനിന്ന് പുതിയ സന്ദേശവുമായിട്ടാണ് താൻ വന്നിരിക്കുന്നത് എന്നല്ല മുഹമ്മദ് പറഞ്ഞത്. യഥാർഥ ദൈവത്തിലേക്കും തന്റെ സമകാലികർക്ക് കൈമോശംവരികയും മറക്കുകയും ചെയ്ത ജീവിതവ്യവസ്ഥയിലേക്കും അവരെ തിരിച്ചുവിളിക്കുകയാണദ്ദേഹം ചെയ്തത്" (പേജ് 45).

ചരിത്ര ഗവേഷകനായ ഡോ. എം.ജി.എസ് നാരായണൻ ഇക്കാര്യം അടിവരയിട്ട് എഴുതുന്നുണ്ട്: "ക്രിസ്ത്വബ്ദം ഏഴാം ശതകത്തിൽ മുഹമ്മദ് നബിയുടെ ദൗത്യത്തോടെയാണ് ഇസ്‌ലാം ഉണ്ടായതെന്ന ധാരണ ചരിത്രകാരന്മാർക്കിടയിൽ പോലുമുണ്ട്. കുരിശ് യുദ്ധങ്ങളുടെ അവശിഷ്ടമായി പാശ്ചാത്യ ലോകത്ത് ഇസ്‌ലാമിനെപ്പറ്റി പക്ഷപാതപരമായി വളർന്നുവന്ന ചിന്തയുടെ ഫലമാണിത്. പൗരസ്ത്യവാദികൾ എന്നറിയപ്പെട്ട പാശ്ചാത്യ പണ്ഡിതന്മാർ പോലും പൗരസ്ത്യമായ ബൗദ്ധ-ഹൈന്ദവ-ഇസ്‌ലാമിക തത്ത്വങ്ങളെക്കുറിച്ചെല്ലാം വികലമായ വീക്ഷണങ്ങളാണ് പുലർത്തിയത്. മുഹമ്മദിന്റെ മതം എന്ന അർഥത്തിൽ മാഹമ്മദ മതം (മുഹമ്മദിനിസം) എന്ന പേരു കൂടി വളരെക്കാലം പ്രചാരത്തിലിരുന്നു.

മനുഷ്യവർഗത്തിന്റെ ആദികാലം തൊട്ട് നിലവിലിരുന്ന സത്യവിശ്വാസത്തെ ദൈവികമായ ദൗത്യം ഏറ്റെടുത്ത് പ്രചരിപ്പിക്കുകയും ചിട്ടപ്പെടുത്തുകയുമാണ് താൻ ചെയ്തതെന്ന് മാത്രമേ പ്രവാചകൻ അവകാശപ്പെട്ടുള്ളൂ. ഒരു പരമ്പരയിലെ അന്ത്യ പ്രവാചകനാണദ്ദേഹം" (പേജ് 126).

മുഹമ്മദ് നബിയെക്കുറിച്ച് നിഷ്പക്ഷമതികളുടെ സാക്ഷ്യമൊഴികൾ എന്ന് ഈ സമാഹാരത്തെ വിശേഷിപ്പിക്കാം. ■